8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വയ്പ.

(ബി) പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നതിനുള്ള പ്രായപരിധി 18-35 വയസ്സാണ്. പ്രവാസി കേരളീയൻ (വിദേശം), മുൻപ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ മൂന്നു വിഭാഗങ്ങളിലായാണ് അംഗത്വം നൽകുന്നത്. കുറഞ്ഞത് 6 മാസക്കാലമായി വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്കും 2 വർഷക്കാലം വിദേശത്ത് ജോലി ചെയ്തതിനു ശേഷം തിരികെ കേരളത്തിൽ സ്ഥിരതാമസമാക്കിയ മുൻപ്രവാസികൾക്കും 6 മാസക്കാലമായി കേരളത്തിന് വെളിയിൽ ഇന്ത്യയ്ക്കകത്ത് താമസിക്കുന്ന പ്രവാസി കേരളീയനും ഈ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. സർക്കാരിൽ നിന്നോ ഇതര സർക്കാർ ഏജൻസികളിൽ നിന്നോ ശമ്പളമോ പെൻഷനോ മറ്റെന്തെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങളോ കൈപ്പറ്റുന്ന വ്യക്തികൾ പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹരല്ല.

(സി) ചികിത്സാ സഹായം, മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്കുള്ള ധനസഹായം എന്നിവയാണ് ഇപ്പോൾ പ്രയോഗക്ഷമമായിട്ടുള്ള ക്ഷേമപദ്ധതികൾ. ഇവയുടെ പ്രയോജനം ലഭിക്കുന്നതിന് കണ്ണൂർ ജില്ലയിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) പ്രവാസി ക്ഷേമനിധി അംഗത്വമെടുത്തിട്ടുള്ള പ്രവാസികൾക്ക് നിബന്ധനയ്ക്കനുസൃതമായി സ്വയംതൊഴിൽ വായ്പയും ഭവനവായ്പയും നൽകുവാൻ ക്ഷേമനിധി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഇ) ക്ഷേമപദ്ധതി വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതലായി പുതിയ ക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ ഇപ്പോൾ ഉദ്ദേശം ഇല്ല.

പ്രവാസികളുടെ വോട്ടവകാശം

58(1310) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിൽ വോട്ടുചെയ്യാനും വോട്ടർ പട്ടികയിൽ പേര് ചേർക്കാനും സാധ്യമാകുന്ന തരത്തിൽ ചട്ടങ്ങൾക്ക് രൂപം നൽകി കേന്ദ്ര നിയമ മന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിക്കുക ഉണ്ടായോ; എങ്കിൽ എന്നാണ് പുറപ്പെടുവിച്ചത് :

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശ പൗരത്വമില്ലാതെ വിദേശത്ത് താമസിക്കുന്ന കേരളീയർക്ക് ഇതുവഴി അടുത്ത പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അവസരം ലഭിക്കുമോ;

(ഡി) വോട്ടർപട്ടികയിൽ പേര് ചേർക്കൽ, വോട്ട് രേഖപ്പെടുത്തുമ്പോൾ കൈവശമുണ്ടായിരിക്കേണ്ട രേഖകൾ എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ പ്രവാസികളായി എത്രപേരുണ്ട്; ഏറ്റവും കൂടുതൽ പ്രവാസികളുള്ള മണ്ഡലമേത്; എത്രപേർ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്, 3-2-2011-ന്.

(ബി-ഡി) കേന്ദ്ര ഇലക്ഷൻ കമ്മീഷനിൽ നിന്നും സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർക്ക് 14-2-2011-ൽ മാത്രമാണ് ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറാണ്.

(ഇ) തിരുവനന്തപുരത്തെ സെന്റർ ഫോൺ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രേഷൻ സർവ്വേ 2007 റിപ്പോർട്ട് പ്രകാരം ഇന്ത്യയ്ക്ക് പുറത്ത് 18,47,902 പേരും കേരളത്തിനു പുറത്ത് ഇന്ത്യയ്ക്കകത്ത് ഏകദേശം 6,70,477 പേരും പ്രവാസികളായുണ്ട്. പ്രസ്തുത പ്രവാസികളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ

59(1311) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ പ്രധാനമായും ഏതെല്ലാം കുറ്റങ്ങൾക്കാണ് ജയിലിലാക്കപ്പെട്ടിരിക്കുന്നതെന്ന് അറിവുണ്ടോ;

(ബി) ഇവരെ രക്ഷിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശങ്ങളിൽ ജയിലിലാക്കുന്ന മലയാളികളുടെ സമഗ്ര വിവരം സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ പ്രധാനമായും ഏതെല്ലാം കുറ്റങ്ങൾക്കാണ് ജയിലിലാക്കപ്പെട്ടിരിക്കുന്നതെന്ന് അറിവില്ല.

(ബി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന്

LIBRARY ARCHIVES Kerala Legislative Assembly